# കേരള സർവകലാശാല

നം. പി.ആർ.262/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## എൽ.എൽ.ബി ഫലം

കേരള സർവകലാശാല സെപ്റ്റംബറിൽ നടത്തിയ ആറാം സെമസ്റ്റർ എൽ. എൽ.ബി യൂണിറ്ററി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി ഡിസംബർ 15. വിശദ വിവരങ്ങൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭ്യമാണ്. കേരള ലാ അക്കാദമി ലോ കോളേജിലെ ഈവനിംഗ് ബാച്ച് വിദ്യാർത്ഥിനി ലീനകുമാരി.വി.ജി യ്ക്ക് (2257/3100) മാർക്ക് നേടി ഉയർന്ന റാങ്ക് ലഭിച്ചു.

## ജനസംഖ്യാ ക്വിസ് മത്സരം

കേരള സർവകലാശാല ജനസംഖ്യാശാസ്ത്ര വിഭാഗത്തിലെ പൂർവ്വവിദ്യാർത്ഥി സംഗമത്തോടനുബന്ധിച്ച് കോളേജ് തലത്തിൽ നടത്തുന്ന ജനസംഖ്യാ ക്വിസ് മത്സരം (പ്രൊഫ. ആർ. രാമകുമാർ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയ്ക്കുവേണ്ടി) ഈ വർഷവും ഡിസംബർ ഒൻപത് ശനിയാഴ്ച രാവിലെ 10 ന് ജനസംഖ്യാ ശാസ്ത്ര വകുപ്പിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അതിലേയ്ക്ക് പങ്കെടുക്കുവാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ (2 പേർ) അതാത് കോളേജ്/ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കുന്ന വ്യക്തി വിവര തെളിവ് (ഐ.ഡി. പ്രൂഫ്) സഹിതം കാര്യവട്ടം യൂണിവേഴ്സിറ്റി ജനസംഖ്യാ ശാസ്ത്ര വിഭാഗത്തിൽ എത്തിച്ചേരുക. പങ്കെടുക്കുന്ന വിവരം ഡിസംബർ ഏഴ് 5 മണിക്ക് മുൻപായി ഈ നമ്പറുകളിൽ 9446093978, 9446483568, 9495627847 അറിയിക്കുക.

## റിസർച്ച് അസോസിയേറ്റ് ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം ഇക്കണോമിക്സ് പഠനവകുപ്പിൽ പ്രവർത്തിക്കുന്ന ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സിൽ റിസർച്ച് അസോസിയേറ്റ് തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഒന്നാം ക്ലാസ്സോടെയുള്ള എം.എ ഇക്കണോമിക്സാണ് അടിസ്ഥാന യോഗ്യത, നെറ്റ്/എം.ഫിൽ/പി.എച്ച്.ഡി/ഗവേഷണ പരിചയം. കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവർക്ക് മുൻഗണന. അപേക്ഷയോടൊപ്പം ബയോഡേറ്റ സഹിതം iucae2016@gmail.com. ഇമെയിലിൽ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭ്യമാണ്.

## അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാലയുടെ ലിംഗ്വിസ്റ്റിക്സ് പഠനവകുപ്പ് 'ഡയലക്റ്റ് സർവ്വേ ഓഫ് കേരള' എന്ന പ്രോജക്ടിന് വേണ്ടി പ്രോജക്ട് ഫെലോയുടെ രണ്ട് ഒഴിവിലേക്കായി അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷിക്കേണ്ട അവസാന തീയതി ഡിസംബർ 15. വിശദവിവരങ്ങൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭ്യമാണ്.

## കെമാറ്റ് പരീക്ഷ – 2018

കേരള സർവകലാശാല 2018 ഫെബ്രുവരി നാലിന് നടക്കുന്ന കെമാറ്റ് 2018 പരീക്ഷയ്ക്ക് ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2018 ജനുവരി 20 ആണ്. കൂടുതൽ വിവരങ്ങൾക്ക് http://kmatkerala.in എന്ന

വെബ്സൈറ്റ് സന്ദർശിക്കുക. ഈ വെബ്സൈറ്റിന്റെ ലിങ്ക് സർവകലാശാല വെബ്സൈറ്റിലെ ന്യൂസ് എന്ന വിഭാഗത്തിലും ലഭ്യമാണ്.

## റിസേർച്ച് സ്റ്റാഫ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവ്

കേരള സർവകലാശാലയുടെ ഇസ്ലാമിക് സ്റ്റഡീസ് പഠനവകുപ്പിൽ റിസർച്ച് സ്റ്റാഫ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികയിലേക്ക് താല്ക്കാലിക അടിസ്ഥാനത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു. അവസാന തീയതി ഡിസംബർ എട്ട്. വിശദവിവരം വെബ്സൈറ്റിൽ (www.keralauniversity.ac.in) ജോബ് നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭ്യമാണ്.

## ബി.എച്ച്.എം.സി.റ്റി ഓൺലൈൻ രജിസ്ട്രേഷൻ

കേരള സർവകലാശാല ജനുവരി 17 മുതൽ ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളി (ബി.എച്ച്.എം.സി.റ്റി) (2014 സ്കീം റഗുലർ) പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷനും, (2011 സപ്ലിമെന്ററി), (2006 സപ്ലിമെന്ററി/മേഴ്സി) പരീക്ഷയ്ക്കുള്ള അപേക്ഷകളും ഡിസംബർ അഞ്ചു മുതൽ സമർപ്പിക്കാവുന്നതാണ്. ഈ പരീക്ഷകൾക്ക് പിഴ കൂടാതെ ഡിസംബർ 13 (50 രൂപ പിഴയോടെ ഡിസംബർ 15, 125 രൂപ പിഴയോടെ ഡിസംബർ 19) വരെയും അപേക്ഷിക്കാം.

തിരുവനന്തപുരം.
01.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ